(ബി) എങ്കിൽ സംസ്ഥാനത്തുള്ള ബാങ്കുകളിൽ നിന്നും 2001-02, 2002-03 വർഷങ്ങളിൽ എത്ര തുക വീതം മറ്റു സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോയി;

(സി) ഏതെല്ലാം സംസ്ഥാനങ്ങളിലേക്കാണ് തുക കൊണ്ടുപോയത്;

(ഡി) പ്രസ്തുത കാലഘട്ടത്തിൽ സംസ്ഥാനത്തുള്ള ബാങ്കുകൾ സംസ്ഥാനത്ത് എത്ര തുക വായ്പയായി നൽകി;

(ഇ) മറ്റു സംസ്ഥാനങ്ങളിലേക്ക് തുക കൊണ്ടുപോയത് ഏതെല്ലാം ബാങ്കുകളാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്രകാരം ചെയ്തിട്ടില്ലായെന്ന് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി അറിയിച്ചിട്ടുണ്ട്. ബാങ്കുകൾ സംസ്ഥാന ഗവൺമെന്റിന് കീഴിൽ അല്ലാത്തതിനാൽ കൂടുതൽ വിവരങ്ങൾ സംസ്ഥാന സർക്കാരിന് ലഭ്യമല്ല.

(ബി) & (സി) ബാധകമല്ല.

(ഡി) 2002 മാർച്ച് 31 വരെ 8241 കോടി രൂപയും 2003 മാർച്ച് 31 വരെ 10563 കോടി രൂപയും ബാങ്കുകൾ സംസ്ഥാനത്ത് മുൻഗണനാ വിഭാഗങ്ങൾക്കായി വായ്പയായി നൽകിയിട്ടുണ്ട്.

(ഇ) ബാധകമല്ല.

ബാങ്കുകളുടെ വായ്പാ-നിക്ഷേപ അനുപാതം

3 [3865] *ശ്രീ. എം. എ. ചന്ദ്രശേഖരൻ*:
„ *ഇ. എം. അഗസ്തി*:
„ *ടി. യു. രാധാകൃഷ്ണൻ*:
„ *സി. പി. മുഹമ്മദ്*:
„ *എ. കെ. മണി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ബാങ്കുകളുടെ വായ്പാ-നിക്ഷേപ അനുപാതം ഇപ്പോൾ എത്രയാണ്;

(ബി) 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ ഈ അനുപാതം എത്ര വീതമായിരുന്നു;

(സി) വർഷം ചെല്ലുന്തോറും അനുപാതം കുറയുകയാണോ കൂടുകയാണോ ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) കുറയുകയാണെങ്കിൽ അതിനുള്ള കാരണങ്ങളെന്തെല്ലാം എന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 30-9-2004 വരെ 53.40%.

(ബി)

വർഷം (മാർച്ച്)	*വായ്പാ-നിക്ഷേപ അനുപാതം*
2001-2002	42.71%
2002-2003	45.47%

(സി) അനുപാതം കൂടുകയാണ്.

(ഡി) ഉദിക്കുന്നില്ല.

ബാങ്കിംഗ് സഹകരണ മേഖലകളുടെ പ്രവർത്തനം

4 [3866] *ശ്രീ. തോമസ് ചാഴികാടൻ:*
,, *കെ. നാരായണക്കുറുപ്പ്:*
,, *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കിംഗ് സഹകരണ മേഖലകളുടെ പ്രവർത്തനമണ്ഡലം വിപുലമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും വായ്പ പെട്ടെന്ന് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബാങ്കിംഗ് സഹകരണ മേഖലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെയുള്ള ആധുനിക മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു.

(ബി) വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും വായ്പ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

എയ്ഡ്സ് രോഗവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ഫണ്ടുകൾ

5 [3867] *ശ്രീ. ജോർജ്ജ് ജെ. മാത്യു:*
,, *പി. ടി. തോമസ്:*
,, *ബി. വിജയകുമാർ:*
,, *എം. കെ. പോൾസൺമാസ്റ്റർ:*
ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡ്സ് രോഗവുമായി ബന്ധപ്പെട്ട് യു. എൻ. ഒ.-യുടെ സ്പെഷ്യലൈസ്ഡ് ഏജൻസികൾ, വിദേശ ഗവൺമെന്റുകൾ, മറ്റു വിദേശ ഏജൻസി സ്ഥാപനങ്ങൾ, കേന്ദ്ര ഗവൺമെന്റ് എന്നിവ നൽകുന്ന തുകകൾ ബഡ്ജറ്റ് കണക്കുകളിൽ ചേർക്കാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly